പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ * 393 — 26/06/2014 ൽ മറുപടിയ്ക്ക്

# കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. എ. കെ. ബാലൻ<br>ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഭൂമി കേരളം പദ്ധതി നടപ്പാക്കുന്നതിനായി രൂപീകരിച്ച കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ; | (എ) വിലയിരുത്തിയിട്ടുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ മിഷന്റെ എംപവേർഡ് കമ്മിറ്റി മുഖാന്തിരം അംഗീകാരം ലഭ്യമാകുന്ന ലാന്റ് റെക്കോർഡ് മോഡേണൈസേഷൻ പദ്ധതികളുടെ നടത്തിപ്പിന്റെ ഓരോ ഘട്ടത്തിലും വേണ്ടതായ അവലോകനങ്ങളും, വിലയിരുത്തലുകളും റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, (മിഷൻ ഡയറക്ടർ) അദ്ധ്യക്ഷനായ മിഷന്റെ ടെക്നിക്കൽ കമ്മിറ്റിയിൽ നടന്നു വരുന്നുണ്ട്. വനാവകാശ സർവ്വെ പ്രവർത്തനങ്ങൾ, GPS സർവ്വെ, ഡിജിറ്റൈസേഷൻ പ്രോഗ്രാമുകൾ എന്നിവ കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ NLRMP യുടെ ഗുണഫലങ്ങൾ സംസ്ഥാനത്തെ റവന്യൂ വകുപ്പ്, സർവ്വെയും ഭൂരേഖയും വകുപ്പ് എന്നിവയ്ക്ക് എത്തിക്കുന്നതിലേയ്ക്കായിട്ടാണ് മിഷൻ ശ്രദ്ധവയ്ക്കുന്നത്. മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതാണ്. |
| (ബി) ഇത് ലക്ഷ്യമിട്ടിരുന്ന റീസർവ്വേ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ സാധിച്ചിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) റീസർവ്വെ ജോലികൾക്കായി നിയോഗിച്ച സർവ്വേയർമാരിൽ ഭൂരിഭാഗവും ആധുനിക രീതിയിൽ പരിശീലനം സിദ്ധിച്ചവരായിരുന്നെങ്കിലും അവരിലേറെയും പുതുതായി സർവ്വീസിൽ വന്നിട്ടുള്ളവരായിരുന്നതിനാൽ, പ്രായോഗിക പരിചയകുറവ് ജോലിയുടെ പുരോഗതിയെ ബാധിച്ചിട്ടുണ്ട്. കൂടാതെ പ്രോജക്ടിന്റെ ജില്ലാ അധികാരികളായ ജില്ലാ പ്രോജക്ട് ഓഫീസർ, യൂണിറ്റ് ഓഫീസർമാർ എന്നിവർ സർവ്വെ വകുപ്പിന്റെ ചുമതലകൾക്ക് പുറമെ അധിക ചുമതലയായിട്ടാണ് മിഷന്റെ സർവ്വെ ജോലികളുടെ മേൽ നോട്ടം വഹിച്ചിരുന്നത്. പരിശീലനം സിദ്ധിച്ച മതിയായ സൂപ്പർവൈസറി ജീവനക്കാരുടെ (HS/HD) കുറവ് ജോലിയുടെ കൃത്യതയും വേഗവും കുറയ്ക്കുന്നതിന് കാരണമായിട്ടുണ്ട്. കൂടാതെ grid system ഉപയോഗിച്ചുള്ള സർവ്വെ രീതി ആദ്യമായി നടപ്പിലാക്കിയപ്പോൾ സാങ്കേതികമായി പല ആശയക്കുഴപ്പങ്ങളും നേരിടേണ്ടി വരികയും ചെയ്തു. |

കൂടാതെ ഭൂമികേരളം വിഭാവനം ചെയ്തിരുന്നതുപോലെയുള്ള സാറ്റലൈറ്റ് ഇമേജുകളുടെ സഹായത്താലുള്ള ത്വരിത ഗതിയിലുള്ള സർവ്വെയും സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകതകൊണ്ടും, സർവ്വെ പ്ലോട്ടുകളുടെ സാന്ദ്രത നിമിത്തവും നടപ്പാക്കുവാൻ കഴിഞ്ഞിരുന്നില്ല. ലക്ഷ്യമിട്ടിരുന്ന റീസർവ്വെ കാലാവധിയ്ക്കുള്ളിൽ പൂർത്തിയാക്കാൻ സാധിക്കാത്തത് പ്രധാനമായും മേൽ കാരണങ്ങളാലാണ്.

(സി) ആദിവാസികൾക്ക് നൽകേണ്ട ഭൂമി കണ്ടെത്തുന്നതിന് ഇത് തടസ്സമായിട്ടുണ്ടോ;

(സി) ഇല്ല.

(ഡി) അനധികൃത കയ്യേറ്റം കണ്ടെത്താൻ ഉപകരിക്കുമായിരുന്ന കെ.എൽ.ഐ.എം–ന്റെ പ്രവർത്തനം തടസ്സപ്പെടാനുണ്ടായ കാരണം വിശദമാക്കുമോ?

(ഡി) റീസർവ്വേ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിലും വേഗത്തിലും പൂർത്തിയാക്കാൻ സാധിക്കാതെ വന്നെങ്കിലും കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ പ്രവർത്തനം സർവ്വേയുടെ മറ്റു മേഖലകളിൽ സജീവമാണ്.

സെക്ഷൻ ഓഫീസർ